# പള്ളികഥകൾ

## മിനികഥകൾ പതിനാല്

ജോയിക്കുട്ടി,

ജോസഫ് അച്ചൻ പലപ്പോഴും കേരളത്തിന്റെ വടക്കേ അറ്റത്തേക്ക് യാത്ര ചെയ്യാറുണ്ട്. സാധാരണ ഇട ദിവസങ്ങളിലായിരിക്കും അങ്ങിനെ പോകാറുള്ളത്. കാലത്ത് തിരിച്ചാൽ വൈകിട്ടായിട്ടേ അവിടെ സ്വന്തം കാറിൽ സ്വയം ഓടിച്ചു പോയാൽ എത്താറുള്ളത്. പിന്നെ അന്ന് രാത്രി അവിടെ കഴിച്ചു കൂട്ടിയിട്ട് പിറ്റേ ദിവസമേ മടങ്ങാറുള്ളു. വളരെ വിശ്വസ്തയുള്ളിടത്തു മാത്രമേ അച്ചൻ അങ്ങിനെ രാത്രി തങ്ങാറുള്ളി.സാധാരണഅച്ചന്ആരേയുംഅത്രവിശ്വാസംപരികയില്ല. എന്നാൽ വളരെ അപൂർവ്വം ചിലരെ വളരെ വിശ്വാസമാണ്.

## കുടുംബപ്രാത്ഥന

കേരളത്തിന്റെ വളരെ വടക്കുഭാഗത്തുള്ള ഒരു കുഗ്രാമത്തിലാണ് സംഭവം. കുഗ്രാമത്തിലെ വീടാണെങ്കിലും വലിയ പണക്കാരായ ആളുകളാണ്. വലിയ മൂന്നു നില ബംഗ്ലാവും, അതിനോടു ചേന്ന് പത്തു പന്ത്രണ്ടു പശുക്കളെ കെട്ടിയിരിക്കുന്ന തൊഴുത്തും. അതിനോടു ചേന്ന് തന്നെ വളരെയധികം കോഴികളെ പോറ്റുന്ന നെറ്റും അതിനകത്ത് അവക്ക് രാപാക്കാനുള്ള കോഴിക്കൂടുംഅതങ്ങിനെ ഒരു വശത്ത്. നീണ്ടു പരന്നു കിടക്കുന്ന റബർതോട്ടവും അതിനോടു ചേന്ന്കിടക്കുന്ന വിശാലമായ കൃഷിസ്ഥലവും; അവിടെയില്ലാത്ത കൃഷിയൊന്നുമില്ല. കാറും ഡ്രൈവറന്മാരും അതങ്ങിനെ വേറൊരു വശത്ത്. അടുക്കളയിൽ ജോലിക്കാരു തന്നെ വളരെപ്പേർ. പുരയിടത്തിൽ ജോലിക്കാർ വളരെപ്പേർ. അവിടെ ചെന്നു പെട്ടാൽ നമ്മൾ വളരെ വ്യത്യസ്ഥമായ ഒരു ലോകത്ത് എത്തിച്ചേന്നതു പോലെയാണ്.

ജോസഫ് അച്ചനെ അവർ ഭൂമിയിലെ ദൈവത്തെപ്പോലെയാണ് കരുതുന്നത്. സൽക്കരിച്ച് അച്ചനെ കൊന്നുകളയും. സാധാരണ വടക്കുള്ളവരുടെ ഒരു പ്രത്യേകതയാണ്. അവിടെ അവരുടെയടുക്കൽ നമ്മൾ ചെന്നു പെട്ടാൽ നമ്മളെ അവർ സ്നേഹിച്ച് കൊല്ലും.

അച്ചൻ അവിടെ ചെന്നാൽ ഏറ്റവും മുകളിലത്തെ എയർകണ്ടീഷൻഡ് മുറിയാണ് താമസം ശരിപ്പെടുത്തുന്നത്. അച്ചന്റെ കൊച്ചു വത്തമാനവും കഥകളും കേൾക്കാൻ അവരെല്ലാം ധാരാളം സമയമുണ്ടാക്കി ചുറ്റും കൂടുക പതിവാണെന്നാണ് അച്ചൻ പറയാറുള്ളത്. അച്ചൻ പറയുന്നതിൽ വലിയ അതിശയോക്തിയില്ലന്ന് എനിക്കു മാത്രമല്ല അച്ചനെ അറിയാവുന്നവക്കെല്ലാം അറിവുള്ള കാര്യമാണ്. മുതലാളിയുടെ ഏറ്റവും പ്രിയപ്പെട്ട ഒരാളാണ് നമ്മുടെ ജോസഫച്ചൻ.

ആ ഗൃഹനാഥനെ മുതലാളിയെന്നാണ് എല്ലാവരും വിളിക്കുന്നത്; അയാളുടെ ഭാര്യപോലും. എന്നാൽ അയാൾക്കതിന്റെ യാതൊരഹങ്കാരവുമില്ല.സാധാരണ ഒരു കൃഷിക്കാരനെപ്പോലെ കാലത്തു മുതൽ ഓടിനടന്ന് പണിയെടുക്കും. അത്യാവശ്യ കാര്യങ്ങൾക്ക് നിദ്ദേശം കൊടുക്കും. മിക്കവാറും എല്ലാ കാര്യങ്ങളും അവിടെ എല്ലാവക്കും അറിവുള്ള കാര്യങ്ങളാണ് അപ്പോൾ പിന്നെ പ്രത്യേകിച്ച് ഒന്നും പുത്തനായി പറഞ്ഞു കൊടുക്കേണ്ടതില്ല. ശാസനയും ശകാരവും ഉണ്ടെങ്കിലും അത് കേൾക്കാൻ ഒരിമ്പമുണ്ട്. എല്ലാം സ്നേഹത്തിൽ പൊതിഞ്ഞാണ് പെരുമാറ്റങ്ങൾ. തന്മൂലം വീട്ടിലുള്ളവക്കും വെളിയിലുള്ളവക്കും അയാളെ വലിയ കാര്യമാണ്.

എത്ര തിരിക്കാണെങ്കിലും നമ്മുടെ ജോസഫച്ചൻ ചെല്ലുന്ന ദിവസം എല്ലാ തിരക്കും മാറ്റി വെച്ച് അച്ചന്റെ കൂടെ സമയം മുതലാളി ചെലവഴിക്കും. എത്ര നിബന്ധിച്ചാലും ഒരു രാത്രിയിൽ കൂടുതൽ അച്ചൻ അവിടെ തങ്ങാറില്ലന്നതാണ് കൂടുതൽ പ്രത്യേകത. അവരുടെ സ്നേഹമനുഭവിക്കാൻ പോകുന്നതെന്നാണ് അച്ചന്റെ ഭാഷ്യമെങ്കിലും, കയ്യിൽ നല്ല കനമുള്ള ഒരു കവർ കിട്ടുമെന്ന രഹസ്യം എനിക്കറിയാം. രാത്രി എത്ര നേരം വേണമെങ്കിലും അവർ ഉറങ്ങാതെ അച്ചന്റെ ചുറ്റിനും കൂടിയിരിക്കുമെന്നാണ് അച്ചൻ പറയാറുള്ളത്. അങ്ങിനെ കേഴ്വിക്കാരുണ്ടെങ്കിൽ ഒരു ബ്രേക്കുമില്ലാതെ അച്ചന്റെ വാക്ധോരണി പമ്പയാറ് ഒഴുകുന്നതുപോലെ നിവ്വിഗ്നം നടക്കും. സാധാരണ വാചാലന്മാക്കുള്ള ഒരു ബലഹീനതയാണ് കേഴ്വിക്കാരുണ്ടെങ്കിൽ ഇടതടവില്ലാതെയുള്ള സംസാരം. അച്ചന് ഇടയ്ക്കിടക്ക് തിന്നാനും കുടിക്കാനും കൊടുക്കുന്നുണ്ടെങ്കിലും അതിനേക്കാളെല്ലാം പ്രാധാന്യത്തം കൊടുത്തുകൊണ്ടാണ് അച്ചന്റെ സംസാരം. സാധാരണ നോമ്പു കാലമല്ലാത്തപ്പോഴേ അച്ചൻ അവിടെ പോകാറുമുള്ളു. അപ്പോൾ നിങ്ങൾക്ക് കാര്യം കൂടുതൽ വ്യക്തമായല്ലോ.

രാത്രിയായാൽ, ത്രിസന്ധ്യയ്ക്കു മുകളിൽ കുരിശുള്ള ആറടി പൊക്കമുള്ള നിലവിളക്ക് കത്തിച്ചു കഴിഞ്ഞാൽ പിന്നെ പ്രാത്ഥന അത് ആ വീട്ടിൽ നിബന്ധമാണ്. ആ സമയം ആ വീട്ടിലെ എല്ലാവരും അവിടെ താഴെ കിഴക്കോട്ട് നോക്കിയിരുന്ന് പ്രാത്ഥിക്കണമെന്നത് നിബന്ധമാണ്. എല്ലാവരുമെന്നു വെച്ചാൽ അകത്തും പുറത്തുമുള്ള എല്ലാ ജോലിക്കാക്കും ഇതു ബാധകമാണ്. അതിനു തയാറല്ലാത്തവക്ക് അവിടെ ജോലിയില്ല. അത് എല്ലാവക്കും അറിവുള്ള കാര്യമാണ്.

ജോസഫച്ചൻ ഉള്ളപ്പോൾ അച്ചനു മാത്രം ഇരിക്കാൻ ഒരു കസേര ഇട്ടിരിക്കും. അച്ചൻ അവരോടൊപ്പം അവിടെ താഴെയിരിക്കുന്നത് മുതലാളിക്ക് ഇഷ്ടമല്ല. അച്ചനുണ്ടെങ്കിലും മുതലാളിയാണ് പ്രാത്ഥന ചൊല്ലികൊടുക്കുന്നത്. അച്ചനൾപ്പെടെ എല്ലാവരും പ്രതിവാക്യങ്ങൾ ചൊല്ലിക്കൊള്ളണം. അവസാനം ആശീർവാദം അച്ചനുള്ളതാണ്. “ദീപസ്തംഭം ആശ്ചര്യം........” എന്നതാണ് അച്ചനിവിടെ ആപ്തവാക്യം.

അവിടുത്തെ പ്രാത്ഥന നമ്മൾക്ക് കേൾക്കാം:

സ്വഗ്ഗസ്ഥനായ പിതാവേ, എടാ തോമ്മാ ആ പശു കിടന്ന് കാറുന്നു; അവറ്റയ്ക്ക് കച്ചി വലിച്ചിട്ടുകൊടുത്തോ?

ഉടൻ തോമ്മാ എഴുന്നേറ്റു പോയി പശുവിന് കച്ചി വാരിഇട്ടു കൊടത്തിട്ട് പെട്ടന്ന് മടങ്ങി വന്നു കൊള്ളണം. അതാണ് ചടങ്ങ്.

ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്നും തരേണമെ. എടാ ചാക്കോ കോഴി കിടന്ന് കലുപിലാ വെക്കുന്നതു കേക്കാമേലേ, അവറ്റെയെല്ലാം കൂട്ടിലിട്ട് അടച്ചോന്നു നോക്കീട്ടു വാ.

ഉടനെ തന്നെ ചാക്കോ പോയി അതുപോലെ ചെയ്തിട്ട് പെട്ടന്ന് വന്നു കൊള്ളണം.

കടക്കാരോടു ക്ഷമിച്ചതുപോലെ

തെയ്യാമ്മേ, കഞ്ഞി ഊറ്റിയിട്ടാണോ വന്നതെന്ന് ചെന്നു നോക്കീട്ട് പെട്ടന്ന് വാ

തെയ്യാമ്മ ഉടനെ പോയി നോക്കിയിട്ട് വരണം.

പരീക്ഷയിലേക്ക് പ്രവേശിപ്പിക്കല്ലേ

അന്നകൊച്ചേ മുറീലേയെല്ലാം ലൈറ്റണച്ചോന്നു നോക്കീട്ട് പെട്ടന്നു വാ; ഇന്നത്തെ കാലത്ത് കറന്റിനെല്ലാം എന്തു വില!

എല്ലാ ദിവസവും ഇതു തന്നെ ആവത്തിക്കും. അച്ചൻ അവിടെ ചെന്ന കാലം തൊട്ട് കേൾക്കുന്നതാണെങ്കിലും യാതൊന്നും ഇതുവരെ ചോദിക്കാൻ പോയിട്ടില്ല. അങ്ങിനെ ചോദിക്കുന്നതൊന്നും മുതലാളിക്ക് ഇഷ്ടമല്ലന്നറിയാം.